**B**

# രണ്ടാം പാദവാർഷിക മൂല്യനിർണയം - 2016-17

## മലയാളം - II

## അടിസ്ഥാനപാഠാവലി

സ്റ്റാൻഡേർഡ്: X

സമയം: 1½ മണിക്കൂർ
സ്കോർ: 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. വലയത്തിൽ നിന്ന് യോജിച്ചവ തിരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.
(പണയം, കുറ്റിപ്പുഴകൃഷ്ണപിള്ള, ഇ. സന്തോഷ്കുമാർ, വൈലോപ്പിള്ളി, കാരൂർ നീലകണ്ഠപ്പിള്ള, ഓണമുറ്റത്ത്, ജീവചരിത്രവും ഗുരുസ്മൃതികളും, കോഴിയും കിഴവിയും) **(4)**

| പ്രമേയം | രചന | രചയിതാവ് |
|---|---|---|
| മലനാട്ടു ജീവിതത്തിന്റെ മധുരോദാരവും പാവനവുമായ സങ്കല്പങ്ങൾ | .................... | .................... |
| സ്നേഹശൂന്യമായ അയൽബന്ധങ്ങളുടെ പ്രശ്നങ്ങൾ | .................... | .................... |
| മാനവസമത്വം, അദ്വൈതചിന്ത, മതങ്ങൾ ഒരുമിക്കുന്ന മഹാസമുദ്രത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് | .................... | .................... |
| ജീവിതദുരന്തങ്ങളിൽ നീറുംമനസ്സുകൾക്ക് കല സാന്ത്വനമാകുന്നു. | .................... | .................... |

2. "ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾതോറും നടുവിൽപൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നുലസിപ്പൂ നെയ്യാമ്പലുകൾ." (ഓണമുറ്റത്ത്)

നെയ്യാമ്പലുകളുടെ കാത്തിരിപ്പ് അവതരിപ്പിച്ചതിന്റെ ഭംഗി കണ്ടെത്തി എഴുതുക. **(2)**

3. "ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്ത് ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു." (കോഴിയും കിഴവിയും)

- മത്തായിയുടെ ചിന്തകളെ ഇത്തരത്തിൽ അവതരിപ്പിച്ചതിന്റെ ഔചിത്യം വ്യക്തമാക്കുക. **(2)**

4. "അതില് കുട്ട്യോള് പാടേം ചിരിക്കേംമൊക്കെ ചെയ്യ്ണ്ടല്ലോ.
വീട്ടില് ആർക്കും അദിന് പറ്റ്ണ്ല്ല്യാ" (പണയം)
സംഭാഷണം നൽകുന്ന രണ്ട് സൂചനകൾ കണ്ടെത്തി എഴുതുക. **(2)**

5. "അങ്ങനെ മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു." രണ്ടു കഥാപാത്രങ്ങളുടെയും ജീവിതാവസ്ഥ ഈ വാക്യം പ്രതിഫലിപ്പിക്കുന്നുണ്ടോ? വ്യക്തമാക്കുക. **(4)**

6. "എന്റെ കണക്കൊക്കെ തെറ്റീലോ മത്തായിമൂപ്പരേ" (പണയം)
ചാക്കുണ്ണിയുടെ മാനസികാവസ്ഥ ഈ സംഭാഷണത്തിൽ പ്രകടമാകുന്നത് എങ്ങനെ?
വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. **(4)**

7. 'ഗുരുദേവസന്ദേശങ്ങളെല്ലാം 'ഏകലോക' സങ്കല്പത്തിലേക്കുള്ള വഴികളായിരുന്നു' ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം സമർഥിക്കുക. **(4)**

**(8 മുതൽ 11 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് മാത്രം ഉത്തരമെഴുതുക.)**

8. "തുണിസഞ്ചി തുറന്ന് ചാക്കുണ്ണി റേഡിയോയെ തൊട്ടുനോക്കി. അയാളുടെ കണ്ണുകൾ വിടർന്നിരുന്നു. പിറകിലെ ഭാഗത്തെ കുട്ടിയുടെ ചിത്രത്തിലേക്ക് അയാൾ ഉറ്റുനോക്കി."

- 'പണയം' എന്ന കഥയിലെ ജീവസ്സുറ്റ ഒരു കഥാപാത്രമാണ് റേഡിയോ. ഉചിതമായ കൂടുതൽ കഥാസന്ദർഭങ്ങൾ കണ്ടെത്തി പ്രസ്താവന വിലയിരുത്തുക. **(6)**

9. • "കേരളം ഒരു ഭ്രാന്താലയം" - സ്വാമിവിവേകാനന്ദൻ

• "തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ"

- കുമാരനാശാൻ

"ശ്രീനാരായണഗുരു കേരളത്തിലെ ജാതിഭ്രാന്ത് നിശ്ശേഷം നീക്കം ചെയ്തു." **(6)**

- കുറ്റിപ്പുഴകൃഷ്ണപിള്ള

- നൽകിയ സൂചനകൾ വിശകലനം ചെയ്ത് 'ശ്രീനാരായണഗുരു കേരള നവോത്ഥാന നായകൻ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രഭാഷണം തയാറാക്കുക.

10. 'കോഴിയും കിഴവിയും' എന്ന കഥയിലെ നന്മയുടെ പ്രതീകമാണ് മത്തായിയുടെ അമ്മ.' ഈ പ്രസ്താവനയുമായി ബന്ധിപ്പിച്ച് കഥാപാത്രനിരൂപണം തയാറാക്കുക. **(6)**

11 "നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ"

വൈലോപ്പിള്ളി - ഓണമുറ്റത്ത്

പറന്നുപോയ് പഞ്ചവർണ
ക്കിളിക്കൂട്ടങ്ങൾ പോലവേ
കുന്നിൻ, ചെരുവിലോണപ്പൂ-
ക്കുമ്പിളേന്തിയ സന്ധ്യകൾ"

*- പി. കുഞ്ഞിരാമൻനായർ - സൗന്ദര്യപൂജ*

രണ്ട് കാവ്യഭാഗങ്ങളിലെയും പ്രകൃതിവർണ്ണന താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**(6)**